"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് ഫെയർ വാല്യുവിന്റെ 10% ഈടാക്കി പതിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ) നം.67/2026/RD തീയതി,തിരുവനന്തപുരം, 13-02-2026

---

പരാമർശം:-

1. 18.03.2025 - ന് ശ്രീ. ജിജി ജോൺ സമർപ്പിച്ച അപേക്ഷ
2. 09/08/2025-ലെ സ.ഉ(കൈ) 240/2025/റവ നമ്പർ ഉത്തരവ്
3. എറണാകുളം ജില്ലാ കളക്ടറുടെ 24/09/2025 ലെ DCEKM/4592/2025-L1 നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03/10/2025 ലെ LR/6622/2025-LR(J7) നമ്പർ കത്ത്.
5. 27/01/2026 ലെ സ.ഉ(കൈ) 38/2026/റവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ പ്പെട്ട 41 .75 ആർ ഭൂമി പതിച്ചു ലഭിക്കുന്നതിന് ചർച്ച് ഓഫ് സൗത്ത് ഇന്ത്യ മധ്യ കേരള ഡയോസിസിനു വേണ്ടി റവ. ജിജി ജോൺ ജേക്കബ് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പ്രസ്തുത ഭൂമി, പഴയ സർവ്വേ നമ്പർ 906 ൽപ്പെട്ട 5 ഏക്കർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടു വരുന്നു. ടി ഭൂമി മുളന്തുരുത്തി സബ്ബ് രജിസ്ട്രാർ ഓഫീസിലെ 1107 (1932) മകരം 20-ലെ 408-ാം നമ്പർ പാട്ടച്ചീട്ട് പ്രകാരം ഡയൊസിഷ്യൻ ട്രസ്റ്റ് അസോസിയേഷനുവേണ്ടി പിറവം സി.എം.എസ് മിഷൻ റവ. ടി.പി ഡേവിഡ് എന്നയാൾക്ക് എഴുതി നൽകിയ പാട്ടച്ചീട്ട് പ്രകാരമുള്ള ഭൂമിയാണ്. ബി.ടി.ആർ-ൽ സർക്കാർ പുറമ്പോക്ക് എന്നാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. പാട്ടക്കരാർ പ്രകാരം വർഷം 1 രൂപ 14 അണ 11 പൈസയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. സായാഹ്ന സ്കൂൾ പണിത് പിന്നോക്കവസ്ഥയിലുള്ളവരെ പഠിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതുമാകയാൽ ആയത് കൊച്ചി നിവാസികളുടെ ഗുണത്തിന് ആയിരിക്കണം എന്ന് പാട്ടത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാൽ 2016 മുതൽ പാട്ടം സ്വീകരിക്കുന്നില്ല. സ്ഥലപരിശോധനയിൽ അപേക്ഷാ വസ്തുവിൽ ക്രൈസ്തവ ദേവാലയവും, ശ്മശാനവും, ഒരു ഓടിട്ട കെട്ടിടവും, ശുചിമുറിയുമാണുള്ളത്. റോഡിന്റെ വികസനത്തിനായി 1.28 ആർ നീക്കി വെച്ചതിനുശേഷം ബാക്കി 40.47 ആർ വസ്തു പതിച്ച് നൽകുന്നതിന് പരാമർശം (3) പ്രകാരം ജില്ല കലക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. ടി പള്ളിയിൽ ഞായർ, ബുധൻ, വെള്ളി ദിവസങ്ങളിൽ ആരാധന നടത്തിവരുന്നു. ഫീൽഡ് രജിസ്റ്റർ പരിഗണിച്ച് സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരുന്നു എന്ന് പരിഗണിക്കാവുന്നതാണ് എന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ പരാമർശം (4) -ലെ റിപ്പോർട്ട് പ്രകാരം, പ്രസ്തുത ഭൂമിയുടെ ന്യായവില ആർ ഒന്നിന് 2,47,500/- ആണ്. അപ്രകാരം 40.47 ആർ ഭൂമിയ്ക്ക് 1,00,16,325/- രൂപയാണ് ന്യായ വില. പരാമർശം (2) സർക്കാർ ഉത്തരവിൽ ആരാധനാലയങ്ങൾ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച്, അപേക്ഷ ഭൂമി ചുവടെ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്യുന്നു.

i) പ്രസ്തുത ആരാധനാലയങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നവയായിരിക്കണം.

ii) 1990 ജനുവരി 1 - ന മുമ്പ് നിലവിൽ ഉള്ളവയായിരിക്കണം .

iii) പതിച്ച് നൽകാവുന്ന പരാമാവധി ഭൂമി ഒരേക്കർ ആയിരിക്കണം.

iv) വരവ് ചിലവുകൾ സൂക്ഷിയ്ക്കുന്ന പള്ളിയായിരിയ്ക്കണം.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട, 40.47 ആർ ഭൂമി പരാമർശം (2) സർക്കാർ ഉത്തരവിലെ "കുത്തകപ്പാട്ടമായോ, പാട്ടമായോ കൈവശം വച്ചിരിയ്ക്കുന്ന ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതില്ല ആയതിന് പാട്ടം പുതുക്കി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്" എന്ന വ്യവസ്ഥ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് ഇളവ് നൽകി, പരാമർശം (2) -ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക്

വിധേയമായി സ്വാതന്ത്ര്യത്തിന് മുമ്പ് കൈവശം വെച്ചിരിയ്ക്കുന്നത് പരിഗണിച്ച് സെന്റ് പോൾസ്, CSI സിയോൻകുന്ന് ദേവാലയത്തിന് പരാമർശം (2), (5) സർക്കാർ ഉത്തരവുകൾ പ്രകാരം ഫെയർ വാല്യുവിന്റെ 10% ഈടാക്കി എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, എടക്കാട്ടുവയൽ വില്ലേജ്, ബ്ലോക്ക് 25, റീസർവ്വെ 328/1 ൽ ഉൾപ്പെട്ട 40.47 ആർ ഭൂമി പതിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം.
3. റവ. ജിജി ജോൺ ജേക്കബ്, ട്രഷറർ, സി.എസ്.ഐ. ട്രസ്റ്റ് അസോസിയേഷൻ, സി.എസ്.ഐ. ഡയോസിസൻ ഓഫീസ്, കോട്ടയം - 686 001.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
6. ധനകാര്യ വകുപ്പ്(EXP-D3/204/2025-FIN)
7. പൊതുഭരണ (എസി. സി ) വകുപ്പ് (ഇനം. നം. 3641, തീയതി : 11.02.2026)
8. കരുതൽ ഫയൽ (എ3/142/2025/റവ)

ഉത്തരവിൻ പ്രകാരം

Signed by

Prathapachandran S

Date: 13-02-2026 16:39:12

സെക്ഷൻ ഓഫീസർ